# മാതൃഭാഷാ ‘ഡേ’ ചിന്തകൾ

എം. എൻ. കാരശ്ശേരി



മാതൃഭാഷാ ‘ഡേ’ ചിന്തകൾ

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Village and castle, a painting by anonymous. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# മാതൃഭാഷാ ‘ഡേ’ ചിന്തകൾ

ഇന്ന് (ഫെബ്രുവരി 21) ലോകം ‘മാതൃഭാഷാദിനം’ കൊണ്ടാടുകയാണ്. മാതാവിന് ‘ദിനം’ ഉള്ള പോലെ മാതൃഭാഷയ്ക്കും ഒരു ദിനം!

കേരളീയർ ഇതെങ്ങനെ ആഘോഷിക്കുമെന്നാണ് ഞാനാലോചിക്കുന്നത്: ഇപ്പോൾ മലയാളനാട്ടിൽ എത്തിപ്പെടുന്ന ആരും ഇവിടത്തെ ഭാഷ ഇംഗ്ലീഷാണോ എന്നു പകച്ചുപോകും. ഏതു പട്ടണത്തിലും ഏതു നാട്ടിൻപുറത്തും ചായപ്പീടിക, പുസ്തക വില്പനശാല, വസ്ത്രവ്യാപാരസ്ഥാപനം, ആഭരണശാല, മരുന്നു കട, ചലച്ചിത്രശാല, സർക്കാരാപ്പീസ്, വിശ്രമമന്ദിരം, മസാലപ്പീടിക മുതലായവയുടെയെല്ലാം പേരെഴുതിവെച്ചിരിക്കുന്നത് അധികവും ഇംഗ്ലീഷിലാണ്. പരസ്യപ്പലകകൾ ഏറിയതും ഇംഗ്ലീഷ് തന്നെ. ഈയിടെയായി, മലയാള പുസ്തകങ്ങളുടെ പുറന്താളിൽ പേര് ഇംഗ്ലീഷിലും കൂടി ചേർത്തുതുടങ്ങിയിട്ടുണ്ട്—സ്വല്പം അന്തസ്സ് പുസ്തകങ്ങൾക്കും ഇരിക്കട്ടെ!

ഈ നാട്ടിലെ സംഘടനകളിൽ ഭൂരിഭാഗവും പുലരുന്നത് ഇംഗ്ലീഷ് പേരുമായിട്ടാണ്. കേരളത്തിനു പുറത്തുള്ളവർക്കുകൂടി തിരിയേണ്ടത് അങ്ങനെയാകുന്നത് മനസ്സിലാക്കാം. ഒരു വിദ്യാലയത്തിലെ മലയാളസമാജം എന്തിനാണ് ‘മലയാളം അസോസിയേഷൻ’ ആവുന്നത്? കലാലയത്തിലെ പൂർവ്വവിദ്യാർത്ഥിസംഘം എന്തിനാണ് ‘ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ’ ആവുന്നത്?

കേരളത്തിൽ ഉദ്യോഗപ്പേരുകൾ നിവൃത്തിയുണ്ടെങ്കിൽ ഇംഗ്ലീഷേ ആവൂ. കൂട്ടത്തിലെ വലിയ കോമാളിരൂപം ‘ഓംബുഡ്സ്മാൻ’ ആണ്. അധികാരികൾക്കെതിരായി ജനങ്ങൾ ഉന്നയിക്കുന്ന പരാതികൾക്ക് പരിഹാരമുണ്ടാക്കുന്ന ഉദ്യോഗസ്ഥൻ. ‘പരാതിപരിഹാരകൻ’ എന്നു പറഞ്ഞാൽ നാട്ടുകാർക്ക് മനസ്സിലായിപ്പോവും എന്ന തരക്കേടേ ഉള്ളൂ. ‘ഗ്രാമസേവകൻ’ എന്ന ലളിതമായ ജോലിപ്പേര് ‘വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ’ എന്നാക്കിക്കിട്ടാൻ വേണ്ടി ആ തസ്തികയിലുള്ളവർ സമരം ചെയ്ത് വിജയിച്ച സംസ്ഥാനമാണിത്!


തോമസ് ഐസക്ക്

ഈയിടെ ധനകാര്യവകുപ്പ് ചില മേഖലകളിൽ ‘സോഷ്യൽ ഓഡിറ്റിങ്’ ഏർപ്പെടുത്തി. അതുമായി ചില്ലറ സഹകരണം വേണ്ടി വന്നപ്പോഴാണ് സംഗതി തെളിഞ്ഞുകിട്ടിയത്. പരിപാടിക്ക് ‘ജനപരിശോധന’ എന്നു പേരിട്ടാൽ കാര്യം മനസ്സിലായ ജനങ്ങളുടെ പങ്കാളിത്തം കൂടുമല്ലോ, അങ്ങനെ ചെയ്യുന്നത് നന്നാവില്ലേ എന്ന് അന്വേഷിച്ചുകൊണ്ട് വകുപ്പുമന്ത്രി തോമസ് ഐസക്കിന് ഈയുള്ളവൻ ഒരു കത്തയച്ചു. മറുപടി കിട്ടിയില്ല.

കോഴിക്കോട്ട് പുതുതായി പണിതീർത്ത പാലത്തിനു മുകളിൽ മലയാളലിപിയിൽ ‘ഇ. കെ. നായനാർ ഫ്ളൈ ഓവർ’ എന്നെഴുതിവെച്ചതു കണ്ടപ്പോൾ ഈ വിനീതന് മറ്റൊരബദ്ധം പറ്റി. ‘ഇ. കെ. നായനാർ മേല്പ്പാലം’ എന്നെഴുതുന്നത് ഭംഗിയാവില്ലേ എന്ന് ഉണർത്തിക്കൊണ്ട് അന്നത്തെ മേയർ എം. ഭാസ്കരന് കത്തയച്ചു. അതിനും മറുപടി കിട്ടിയില്ല.

ഇപ്പോഴത്തെ ജനസേവനങ്ങളിലൊന്ന് പ്ലാസ്റ്റിക് നീക്കലാണ്. നല്ലത്. അതിന് മലബാറിൽ കേട്ട പേരാണ് കേമം—‘ക്വിറ്റ് പ്ലാസ്റ്റിക് ഡേ’! നാട്ടുകാരുടെ തൊള്ളയിൽ കൊള്ളാത്ത പ്രയോഗം. സാരം മനസ്സിലാകാൻ പ്രയാസം. ഒരു വസ്തുവിന്റെ സാങ്കേതിക നാമമാണ് പ്ലാസ്റ്റിക്. കാര്യം തിരിയുന്നതിനാൽ ഇനിയത് മലയാളമാക്കേണ്ടതില്ല. പക്ഷേ, പരിപാടിക്ക് ‘പ്ലാസ്റ്റിക് വിരുദ്ധ ദിനം’ എന്നു പേരിട്ടാൽ എന്താ തരക്കേട്? പ്ലാസ്റ്റിക് മാലിന്യം പോലെ ഒന്നല്ലേ, ഭാഷാമാലിന്യം?

വിവിധ കക്ഷികളിൽപ്പെട്ട നേതാക്കന്മാരുടെ വർത്തമാനത്തിലെ ഇംഗ്ലീഷ്കോയ്മ ബഹുവിശേഷമാണ്. ഒരൊറ്റ ഉദാഹരണം:


വയലാർ രവി

വ്യോമമന്ത്രിയായി അധികാരമേറ്റ് ഈയിടെ തിരുവനന്തപുരത്തെത്തിയ വയലാർ രവി മാദ്ധ്യമങ്ങളോടു പറഞ്ഞു: ‘ഡൽഹിയിൽ ഞാൻ കംഫർട്ടബിളാണ്. ഹൈക്കമാൻഡ് തീരുമാനിക്കുന്ന പക്ഷം ഇവിടെ അവയ്ലബ്ൾ ആവും.’

ഈ സെന്റൻസിലെ ഇമ്പോർട്ടൻഡ് വേഡ്സ് അണ്ടർസ്റ്റാന്റ് ചെയ്യാൻ ഓർഡിനറി പേർസൻസിന് ഡിഫിക്കൽട്ടി ഉണ്ടാവും എന്ന് ഓണറബ്ൾ മിനിസ്റ്റർ മൈൻഡു ചെയ്യാത്തതെന്താണാവോ?

സംഗതി ലളിതം: നമ്മൾ ഒരുമാതിരി കാര്യങ്ങളൊക്കെ ആലോചിക്കുന്നത് വിദേശഭാഷയായ ഇംഗ്ലീഷിലാണ്, മാതൃഭാഷയായ മലയാളത്തിലല്ല. ‘യജമാന’നായിരുന്ന സായ്പ്പ് പോയി അരനൂറ്റാണ്ട് കഴിഞ്ഞിട്ടും തുടരുന്ന മാനസികമായ അടിമത്തം!

പിൻകുറി: ഈ ചങ്ങമ്പുഴ ജന്മശതാബ്ദി വർഷത്തിലെ ‘മദർടംഗ്സ് ഡേ’യിൽ ആർക്കും ‘രമണീയ’മായി ഒന്നു ‘സിംഗ് ചെയ്യാൻ’ തോന്നും:

> എവിടെത്തിരിഞ്ഞൊന്നു നോക്കിയാലെ-
> ന്തവിടെല്ലാമാംഗലവാണി മാത്രം!

(മലയാളമനോരമ, 21 ഫെബ്രുവരി 2010)

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.